# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2375

### 08.03.2017 - ലെ മറുപടിയ്ക്ക്

**മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. ഇ.കെ.വിജയൻ** | **ഡോ.റ്റി.എം.തോമസ് ഐസക് (ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീഇംപേഴ്സ്മെന്റ് ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | സംസ്ഥാന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും മെഡിക്കൽ റീഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയും അനുബന്ധ രേഖകളും ഭരണ വകുപ്പ് ശുപാർശ സഹിതം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ധനപരമായ അംഗീകാരം നൽകുകയാണ് ധനകാര്യ വകുപ്പിൽ ചെയ്തു വരുന്നത്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അപേക്ഷകളിന്മേൽ ത്വരിത ഗതിയിലാണ് നടപടി സ്വീകരിച്ചുവരുന്നത്. ആയതിനാൽ കാലതാമസം നേരിടാറില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് വഴി ലഭ്യമാകുന്ന, ഏകദേശം 50% അപേക്ഷകളിലും അനുബന്ധരേഖകളുടെ അഭാവമുള്ളതിനാൽ ന്യൂനത പരിഹരിച്ച് അപേക്ഷ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്കൊണ്ട് ഫയൽ മടക്കേണ്ടി വരാറുണ്ട്. |
| (ബി) | ഇത് ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ? | പ്രതിപൂരണം സംബന്ധിച്ച് ലഭ്യമാകുന്ന അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**